മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂൺ 28

# വാർത്താക്കുറിപ്പ്

## അഡ്വാൻസ്ഡ് പോളിമെറിക് മെറ്റീരിയൽ സ്-എം.ടെക് പ്രവേശനം

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള ഇൻറർനാഷനൽ ആൻ്റ് ഇൻ്റർ യൂണിവേഴ്സിറ്റി സെൻ്റർ ഫോർ നാനോ സയൻസ് ആൻ്റ് നാനോ ടെക്നോളജി നടത്തുന്ന അഡ്വാൻസ്ഡ് പോളിമെറിക് മെറ്റീരിയൽസിലുള്ള എം.ടെക് പ്രോഗ്രാമിൽ പ്രവേശനത്തിന് ഇപ്പോൾ അപേക്ഷിക്കാം. ആകെയുള്ള നാല് സെമസ്റ്ററുകളിൽ (രണ്ട് വർഷം) അവസാനത്തെ രണ്ട് സെമസ്റ്ററുകൾ സ്കോളർഷിപ്പോട് കൂടിയ ഗവേഷണ പ്രോജക്ടുകളായിരിക്കും. ആസ്ട്രേലിയ, യൂറോപ്പ്, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഫെല്ലോഷിപ്പോടുകൂടിയ പ്രൊജക്ട്കൾക്കും കോഴ്സിൻ്റെ ഭാഗമായി അവസരം ലഭിക്കാം. ഉയർന്ന തൊഴിൽ സാധ്യതകൾക്ക് പുറമേ ഗവേഷണത്തിനും ഗവേഷണ പ്രബന്ധങ്ങൾ അന്തർദ്ദേശീയ തലത്തിൽ ഉയർന്ന നിലവാരമുള്ള ജേണലുകളിൽ പ്രസിദ്ധീകരിക്കുന്നതിനും അവസരം ലഭിക്കും.
കെമിക്കൽ, പൊളിമർ, മെക്കാനിക്കൽ , സിവിൽ, ഇലക്ട്രിക്കൽ, നാനോ ടെക്നോളജി എന്നീ എഞ്ചിനിയറിംഗ് ശാഖകളിൽ ഏതെങ്കിലും ഒന്നിലുള്ള ബി.ഇ./ ബി-ടെക് ബിരുദമോ ഫിസിക്സ്, കെമിസ്ട്രി, പോളിമർ സയൻസ്, നാനോ സയൻസ് ആൻ്റ് നാനോ ടെക്നോളജി എന്നിവയിൽ ഏതെങ്കിലും ഒന്നിലുള്ള എം.എസ് സി യോഗ്യതയൊ ഉള്ളവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ വിശദമായ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളുമടങ്ങിയ അപേക്ഷ materials @ mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ ലഭിക്കേണ്ട അവസാന തിയതി ജൂലൈ 20. വിശദവിവരങ്ങൾക്ക് ഫോൺ: 8281082083.

(പി.ആർ.ഒ./39/805/2022)

## എം ജി ബിരുദ ഏകജാലക പ്രവേശനം:

ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് തെറ്റുകൾ വരാതിരിക്കുവാൻ ശ്രദ്ധിക്കണം. പ്രാഥമിക രജിസ്ട്രേഷൻ പേജിലെ പേര്, മൊബൈൽ നമ്പർ, ഇമെയിൽ ഐഡി, സംവരണ വിഭാഗം, പരീക്ഷ ബോർഡ്, രജിസ്റ്റർ നമ്പർ, ജനനതീയതി എന്നിവയിൽ മാറ്റം വരുത്താൻ സാധിക്കില്ല. അതിനാൽ പ്രാഥമിക രജിസ്ട്രേഷൻ പേജിലെ വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പുവരുത്തണം.ഫീസടയ്ക്കുന്നതിൽ തകരാറുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷയിലെ 'മൈ അക്കൗണ്ട്' എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് 'ചെക്ക് യുവർ പേയ്മെന്റ്' എന്ന ഓപ്ഷൻ ഉപയോഗിച്ച് പേയ്മെന്റ് സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യാം. ഇതിനുശേഷവും പേയ്മെന്റ് സ്റ്റാറ്റസ് ഫെയിൽഡ് കാണിക്കുകയാണെങ്കിൽ മാത്രം ഫീസടയ്ക്കുവാൻ ശ്രമിക്കണം.അപേക്ഷകൾ ഫൈനൽ സബ്മിറ്റ് ചെയ്ത അപേക്ഷകർക്ക് തങ്ങളുടെ അപേക്ഷയിലെ വിവരങ്ങൾ തിരുത്തുന്നതിനും ഓപ്ഷനുകൾ പുതുതായി

നൽകുന്നതിനും ഒഴിവാക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനുമുള്ള സൗകര്യം ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം ലഭിക്കും.

( പി.ആർ.ഒ./39/806/2022)

## പരീക്ഷാ ഫലം

2021 നവംബറിൽ നടത്തിയMSc Actuarial Science (സി. എസ്. എസ് )ഒന്നാം സെമസ്റ്റർ(2020 അഡ്മിഷൻ റെഗുലർ /2019 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂലൈ 12 വരെ ഓൺലൈനായി അപേക്ഷിക്കാം.

( പി.ആർ.ഒ./39/807/2022)

2021 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് (2020 അഡ്മിഷൻ റെഗുലർ/2019 അഡ്മിഷൻ സപ്ലിമൻററി/റീ അപ്പിയറൻസ് )പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.പുനർമൂല്യനിർണയത്തിനും സൂക്ഷമപരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ജൂലൈ 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

( പി.ആർ.ഒ./39/808/2022)

**അപേക്ഷാ തീയതി**

അഞ്ച്, ആറ് സെമസ്റ്റർ ബി എ/ബി. കോം (സി ബി സി എസ് എസ് 2014, മുതൽ 2016 അഡ്മിഷൻ സപ്ലിമൻററി 2012,2013 അഡ്മിഷൻ മേഴ്സി ചാൻസ് പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ജൂലൈ 19 വരെയും 525 രൂപ പിഴയോടു കൂടി ജൂലൈ 21 വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂലൈ 22 നും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

( പി.ആർ.ഒ./39/809/2022)

ഒന്നാം സെമസ്റ്റർ എം എ /എം എസ് സി /എം കോം /എം സി ജെ എം ടി എ / എം എച്ച് എം/ എം.എം.എച്ച് /എം.ടി.ടി.എം (സി എസ് എസ് 2021അഡ്മിഷൻ റഗുലർ,2021 അഡ്മിഷൻ ഇംപ്രൂവ്മൻറ് 2020,2019 അഡ്മിഷൻ സപ്ലിമൻററി ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ജൂലൈ നാല് വരെയും 525 രൂപ പിഴയോടു കൂടി ജൂലൈ 7 വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂലൈ 8 നും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

( പി.ആർ.ഒ./39/810/2022)

## പരീക്ഷാ തീയതി

എട്ടാം സെമെസ്റ്റർ BHM(ബാച്ലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് )(2018 അഡ്മിഷൻ റെഗുലർ /2014-17 അഡ്മിഷൻസ് സപ്പ്ളിമെന്ററി /2013 അഡ്മിഷൻ മേഴ്‌സി ചാൻസ് )പരീക്ഷകൾ 2022 ജൂലായ് 22 ന ആരംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in)

(പി.ആർ.ഒ./39/811/2022)

രണ്ടാം സെമെസ്റ്റർ B.P.Ed. ഡിഗ്രി എക്സാമിനേഷൻസ് (2019&2018 അഡ്മിഷൻ സപ്പ്ളിമെന്ററി /2015,2016&2017 അഡ്മിഷൻ മേഴ്‌സി ചാൻസ് )/ പരീക്ഷകൾ 2022 ജൂലായ് 18 ന ആരംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in)

(പി.ആർ.ഒ./39/812/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ് )**

**അനിൽകുമാർ .ജി**